പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1226 — 12/06/2014 -ൽ മറുപടിക്ക്

**ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ് പുതുക്കി പണിയുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ. | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) കൊയിലാണ്ടി മണ്ഡലത്തിലെ ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ് പുതുക്കി പണിയുന്ന പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ;<br>ബി) പ്രസ്തുത പദ്ധതിക്ക് ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ? | എ) & ബി) ചേമഞ്ചേരി സബ് രജിസ്ട്രാർ ആഫീസ് പ്രവർത്തിച്ചുവന്നിരുന്ന ചരിത്ര പ്രാധാന്യമുള്ള കെട്ടിടം ഇപ്പോൾ ചേമഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലാണ്. ആയതിനാൽ ടി കെട്ടിടത്തിന്റെ പുനരുദ്ധാരണവും സംരക്ഷണവും ചേമഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ ചുമതലയിലാണ്. ടി കെട്ടിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന സബ് രജിസ്ട്രാർ ഓഫീസ് 02/05/2011 മുതൽ സമീപത്തുള്ള വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ് മുമ്പ് പ്രവർത്തിച്ചിരുന്ന കെട്ടിടത്തിനോട് ചേർന്നുള്ള 7.5 സെന്റ് സ്ഥലം ടി ആഫീസിനുവേണ്ടി പുതിയ കെട്ടിടം പണിയുവാൻ ഗ്രാമ പഞ്ചായത്ത് വിട്ടുതന്നിട്ടുണ്ട്. ടി സ്ഥലം രജിസ്ട്രേ ഷൻ വകുപ്പിന്റെ പേരിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ടി സ്ഥലത്ത് പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി 2014-15 വർഷത്തെ ബഡ്ജറ്റിൽ 71,000/- രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.